

# ജി.വി.എച്ച്.എസ്സ്.എസ്സ്
# ഹേരൂർ മീപ്പിരി

GVHSS HEROOR MEEPRY

# ശ്യാമകം
## 2024

അറിവിനായി ദാഹിക്കുന്ന മീപ്പിരിയിലെ ജനങ്ങളുടെ വിദ്യാഭ്യാസപരമായ ദുരവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനായി മീപ്പിരി സഹോദരങ്ങളായ പരേതനായ മൊയ്തീൻ കുഞ്ഞി ഹാജി അബ്ദുല്ല മീപ്പിരി എന്നിവരുടെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ പ്രദേശവാസികൾക്ക് പ്രാഥമിക വിദ്യാഭ്യാസം നേടുന്നതിനായി ഒരു സ്കൂൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചു . സ്കൂൾ എന്ന ആദ്യ ആശയം മൊയ്തീൻ കുഞ്ഞ് ഹാജിയുടെ മനസ്സിൽ ഉദിച്ച ഒരു സ്വപ്ന ചിന്തയാണ് .ഈ ചിന്ത നാടിന്റെ വിദ്യാഭ്യാസ വികസനത്തിലേക്ക് എത്തിച്ചത് മൊയ്തീൻ കുഞ്ഞിയുടെ സുഹൃത് വലയമാണ് സ്കൂളിനായുള്ള ചർച്ചകളും കടലാസ് പണികളും പിന്നീട് അവരുടെ കൂട്ടായ്മയിലൂടെ രൂപപ്പെട്ടു . ഉണ്ണാനും ഉടുക്കാനും പരിമിതമായ സൗകര്യ മാത്രം ഉണ്ടായിരുന്ന നാട്ടുകാർക്ക് സ്കൂൾ വിദ്യാഭ്യാസവും അവിടെനിന്ന് കിട്ടുന്ന ലഘു ഭക്ഷണവും വലിയ ആശ്വാസമാണ് നൽകിയത്. നാലുമരത്തൂണുകൾ നാട്ടി അതിൽ ഓല വെച്ച ഒരു കെട്ടിടമാണ് ആദ്യം ഉണ്ടായിരുന്നത് അതിൽ നിന്ന് ഓടിലേക്കുള്ള ദൂരം ഒരു വർഷം മാത്രം .കാറ്റിലും മഴയിലും ഓലപ്പുരയിൽ ഉണ്ടായിരുന്ന സ്കൂൾ ഒരു രാത്രിയിൽ നിലം പൊത്തിയപ്പോൾ സ്കൂൾ മോഹങ്ങൾ അവസാനിച്ചു എന്ന് ചിലരെല്ലാം കരുതി. 30ലധികം കുട്ടികളുടെ വിദ്യാഭ്യാസം അവതാളത്തിൽ ആകാതിരിക്കാൻ മുൻപന്തിയിൽ നിന്നത് കുറച്ചുപേർ മാത്രം. ഈ ചെറു സംഘം സ്കൂളിന് സ്ഥിരമായി ഒരു സ്ഥലവും കെട്ടിടവും വേണമെന്ന് തീരുമാനിച്ചു അതിന്റെ അടിസ്ഥാനത്തിൽ മൊയ്തീൻ കുഞ്ഞി ഹാജി അദ്ദേഹത്തിൻറെ രണ്ട് ഏക്ര സ്ഥലവും കെട്ടിട നിർമ്മാണത്തിന് ആവശ്യമായ ചെങ്കല്ലും മണലും സംഭാവനയായി സ്കൂളിനായി നൽകി.അങ്ങനെയാണ് ഹേരൂർ മീപ്പിരി എന്ന സ്കൂൾ ഒരു യാഥാർത്ഥ്യമാകുന്നത്

# മേഘം കണ്ട കാഴ്ച്ചകൾ

ഫാത്തിമത് സക്കിയ 10A

മേഘത്തെ ഞാൻ നോക്കുന്നു
മേഘം എന്നെയും
മരങ്ങളും ചെടികളും മലകളും പുഴകളും
മേഘത്തെ നോക്കി പുഞ്ചിരിക്കുന്നു
മേഘം പൊട്ടിക്കരയുമ്പോൾ
മരങ്ങളും ചെടികളും പുഴകളും ഉല്ലസിക്കുന്നു
മീനുകൾ തുള്ളി ചാടുന്നു
കുട്ടികൾ കളിച്ചു രസിക്കുന്നു
കിളികൾ പാടി രസിക്കുന്നു
ഇത് മേഘത്തിന്റെ ഉള്ളിൽ സന്തോഷം നിറക്കുന്നു
മരകളിൽ പച്ചപ്പ് നിറയുന്നു
മേഘം കാണുന്ന ഓരോ കാഴ്ച്ചയിലും ജീവൻ തുടിക്കുന്നു

# ഞങ്ങളുടെ മാഷ്

ആയിഷത് മുഫീദ VB

എന്നും രാവിലെ ഞങ്ങൾ സ്കൂളിലേക്ക് എത്തും. ഞങ്ങളുടെ പ്രിയപ്പെട്ട വിവേക് മാഷിന്റെ കൂടെ രാവിലെ ഇരുന്ന് ഞങ്ങൾ വർത്തമാനം പറയും. അതിനിടയിൽ അതിലൂടെ പോകുന്ന ടീച്ചർമാരെ കണ്ട് ഞങ്ങൾ എല്ലാവരും ഗുഡ്മോർണിംഗ് എന്ന് പറയാറുണ്ട്. വിവേക് മാഷ് എപ്പോഴും എന്ത് പരിപാടിക്കും ഞങ്ങളെ പഠിപ്പിച്ചു തരും. ഞങ്ങളത് പാടുകയും പഠിക്കുകയും ചെയ്യാറുണ്ട്. ഞങ്ങൾക്ക് കൃത്യമായി എഴുതാനും വായിക്കാനും പഠിപ്പിച്ച് തരും.

# വിനോദയാത്ര

Ayisha C.f – 5B

എന്റെ പേര് ആയിഷ എന്നാണ്.  ഞങ്ങൾ ഒരു വിനോദയാത്ര പോയിരുന്നു. മാനസ്സയിലാണ് ഞങ്ങൾ പോയത് അതിരാവിലെ എഴുന്നേറ്റ് പല്ല് തേച്ച ചായ കുടിച്ചതിന് ശേഷം യൂണിഫോം ഒക്കെ ഇട്ടു സ്ക്കൂളിലേക്ക് പോയി. രാവിലെ 7 മണിക്ക് തന്നെ ഞങ്ങൾ എത്തി. പക്ഷേ അവിടെ സ്ക്കൂളിൽ ആരുമുണ്ടായിരുന്നില്ല പിന്നീട് എല്ലാവരും വന്നു. കൃത്യം 8 മണിക്ക് തന്നെ സ്ക്കൂളിൽ നിന്നും പുറപ്പെട്ടു. ബസ്സിൽ പാട്ട് വെച്ചു. ഞങ്ങൾ നന്നായി ഡാൻസ് ചെയ്തു വഴിയിൽ വെച്ച് വണ്ടി ഒരു വശത്താക്കിയ ശേഷം കടലക്കറിയും അപ്പവും ഞങ്ങൾ കഴിച്ചു.  ശേഷം ഞങ്ങൾ വീണ്ടും ബസ്സിൽ കയറി ഡാൻസ് കളിക്കാൻ ആരംഭിച്ചു തലപ്പാടി എത്തിയപ്പോൾ ഞങ്ങൾ ബസ് നിന്നും ഇറങ്ങി മറ്റൊരു ബസ്സിലേക്ക് കയറി അവിടെയും നല്ല മനോഹരമായ പാട്ടു
കൾ വെച്ചു ഞങ്ങൾ നന്നായി ഡാൻസ് ചെയ്തു വളരെ സന്തോഷത്തോടെ എല്ലാവരും പാട്ടുപാടിയും ഡാൻസ് കളിക്കുകയും ചെയ്തു. ഞങ്ങൾ മാനസയിലെത്തിയപ്പോൾ പലപല പക്ഷികളെയും മൃഗങ്ങളെയും ഞങ്ങൾ കണ്ടു കാട്ടിലെ രാജാവായ സിംഹത്ത അവിടെ നിന്ന് ഓടുന്നതും ഒക്കെ ഞങ്ങൾക്ക് കാണുവാൻ സാധിച്ചു കൂടാതെ ബഹിരാകാശത്തെ കുറിച്ച് ക്ലാസിൽ പഠിപ്പിച്ച തന്ന കുറേ കാര്യങ്ങൾ അവിടെ നിന്നും നമുക്ക് കാണാൻ വേണ്ടി സാധിച്ചു പിന്നീട് ഞങ്ങൾ നേരെ ഉടുപ്പ് മാറി വെള്ളത്തിൽ കളിക്കാൻ ആരംഭിച്ചു വെള്ളത്തിൽ കളിച്ചിട്ട് മതിയാക്കാൻ തോന്നിയില്ല. അവസാനം മൂന്ന് മണിയായിട്ട് ഞങ്ങൾ ഉടുപ്പും മാറി യൂണിഫോമിട്ട ബസ്സിൽ കയറി. ടീച്ചർമാരുടെ കൂടെ ചായകുടിച്ചു നേരം 7 മണിയാവുമ്പോൾ പച്ചാമ്പളയിൽ ഇറങ്ങി. ഉപ്പ എന്നെ കാത്ത് അവിടെ നിൽക്കുന്നുണ്ടായിരുന്നു എന്റെ ജീവിതത്തിൽ മറക്കാൻ പറ്റാത്ത ദിവസം ആയിരുന്നു എൻറെ സ്ക്കൂളിലെ ഈ വിനോദയാത്ര.

# ചതിയൻ കാക്ക

സുലൈഖത് തസ്രീഫ 5B

ഒരിക്കൽ ഒരു അമ്മു കാക്കയും അപ്പു കാക്കയും ഉണ്ടായിരുന്നു. അവൾ നല്ല ചങ്ങാതിമാരായിരുന്നു. അങ്ങനെ ഒരിക്കൽ അവർ വഴക്ക് കൂടി .ആരാണ് കൂടുതൽ ശക്തിമാൻ  എന്നായിരുന്നു വിഷയം. അവർ ഒരു തീരുമാനത്തിൽ എത്തി അപ്പു കാക്ക പറഞ്ഞു.നമുക്കി ഒരു കളി കളിക്കാം.. കളി ആരംഭിച്ചു അപ്പുക്കാക്ക തന്റെ സഞ്ചിയിൽ പഞ്ഞിയും അമ്മു കാക്ക സഞ്ചിയിൽ ഉപ്പും നിറച്ചുപറക്കാൻ തുടങ്ങി സഞ്ചിയിൽ  കുറച്ചു കഴിഞ്ഞു മഴപെയ്യുമ്പോൾ അമ്മു കാക്ക ഉയരത്തിനും അപ്പു കാക്ക താണുപോയി കാരണം അമ്മു കാക്കയുടെ സഞ്ചിൽ ഉപ്പായതുകൊണ്ട് മഴയിൽ അലിഞ്ഞു പോയി എന്ന് അവസാനം അമ്മു കാക്ക ജയിച്ചു.

ആരെയും ഒരിക്കലും പറ്റിക്കരുത്

# ലഹരി അടക്കി വാഴുന്ന കേരളം

ഫാത്തിമത് നജ 10A

കേരളത്തിലെ സാമൂഹിക പ്രശ്നങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ലഹരി ഉപയോഗം. ലഹരിയുടെ ഉപയോഗം കേരളത്തിൽ വർദ്ധിച്ചുവരികയാണ് . ും ഇത് കൂടുതലും കാണുന്നത് വിദ്യാർഥികളിൽ ആണ് നമ്മുടെ വിദ്യാർത്ഥികളാണ് നമ്മുടെ സമൂഹത്തിൻറെ ഭാവി അതുകൊണ്ടുതന്നെയാണ് ലഹരി മാഫിയ പ്രധാനമായും കൗമാരക്കാരായ വിദ്യാർത്ഥികളെ ലക്ഷ്യമിടുന്നത് ലഹരി ഉപയോഗിക്കുന്ന ഒരാൾ ശാരീരികമായും മാനസികമായും തകരുന്നു. ആരോഗ്യം സമ്പത്ത് കുടുംബം നശിക്കുന്നു . മാത്രമല്ല അവർ മറ്റുള്ളവരേയും ലഹരി എന്ന കെണിയിലേക്ക് വീഴ്ത്തുന്നു. അറിയാനുള്ള ആകാംക്ഷയിൽ ലഹരി ഉപയോഗിച്ചു തുടങ്ങുന്നവർ പിന്നീട് അതിന് അടിമപ്പെട്ടു പോകുന്നു. മാനസിക പ്രശ്നങ്ങൾ കുടുംബ പ്രശ്നങ്ങൾ ഏകാന്തത എന്നിവരാണ് കൂടുതലും ലഹരിക്ക് അടിമപ്പെടുന്നത് ലഹരി ഉപയോഗത്തിന്റെ വർദ്ധനവ് ഒരു സമൂഹത്തിൻറെ ഭാവി നശിപ്പിക്കുന്നു കേരളത്തിലെ ഉദ്യോഗസ്ഥർ വർദ്ധനവ് തടയാൻ ഒരുപാട് പദ്ധതികൾ നടപ്പാക്കാറുണ്ട് എങ്കിലും ഇതെല്ലാം മറികടന്ന് ലഹരിയുടെ ഉപയോഗം ഉയരുകുകയാണ് . ഒരു മനുഷ്യനെ കുറ്റകൃത്യങ്ങൾ ചെയ്യാൻ പ്രേരിപ്പിക്കുന്നു. ഇത് വാങ്ങാനുള്ള പണത്തിനു വേണ്ടി മോഷണം കൊലപാതകം
തുടങ്ങിയ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നു താൽക്കാലിക സുഖത്തിനു വേണ്ടി ലഹരി ഉപയോഗിക്കുന്നത് കൊണ്ട് ജീവിതം പടിപടിയായി നശിക്കുന്നു. ലഹരിയുടെ ഒരുപാട് വകഭേദങ്ങൾ ഇന്ന് കേരളത്തിൽ ലഭ്യമാണ് ഗുളികയുടെയും മിഠായിയുടെയും രൂപത്തിൽ ഇന്ന് ലഹരി ലഭിക്കും . പണത്തിനു വേണ്ടി മറ്റുള്ളവരെ ലഹരിക്ക് അടിമയാക്കുന്നവരും ഉണ്ട് ഈ കേരളത്തിൽ ലഹരിയുടെ കച്ചവടം നടത്താനായി സ്നേഹം നടിച്ച് നമ്മുടെ സുഹൃത്തുക്കളായി അഭിനയിച്ച് നമ്മൾ അവരുടെ കൂട്ടത്തിൽ പെടുകയും നശിച്ചുപോവുകയും ചെയ്യും. ലഹരി ഉപയോഗിക്കുന്ന ഒരാൾ സാമ്പത്തികമായി മാത്രമല്ല ശാരീരികമായി നശിച്ചു പോവുകയാണ് ചെയ്യുന്നത്. ശരീരത്തിലെ മിക്ക അവയവങ്ങളെയും നശിപ്പിക്കും .ക്യാൻസർ പോലുള്ള രോഗങ്ങൾ അവരെ തേടിയെത്തും പിന്നീട് അവർ മരണത്തിന് കീഴടങ്ങുകയും ചെയ്യും.



ഇത് ഉപയോഗിക്കുന്നവരുടെ കുടുംബത്തെ എല്ലാവരും വെറുക്കും . ഒരിക്കലും സമൂഹത്തിലാ നമ്മുടെ ഓരോരുത്തരുടെയും ആത്മാർത്ഥമായ പ്രവർത്തനം ലഹരിയെ നമ്മുടെ സമൂഹത്തിൽ നിന്നും തുടച്ചു നീക്കും. ലഹരി ഉപയോഗിക്കുന്നവർ നമ്മുടെ അറിവിൽ ഉണ്ടെങ്കിൽ അവരെ പിന്തിരിപ്പിക്കണം ഇതിലൂടെ നമ്മുടെ സമൂഹത്തിനെ രക്ഷിക്കാം. ലഹരി വിമുക്ത കേരളം നമുക്ക് സ്വപ്നം കാണാം

# എന്റെ സ്കൂളിലെ ഒരു ദിവസം

ഫാത്തിമത് നഷ്‌വീബ VB

ഞാൻ സ്കൂളിൽ എത്തിച്ചേരുമ്പോൾ തന്നെ ക്ലാസിൽ എൻറെ പ്രിയപ്പെട്ട വിവേക് മാഷ് ഉണ്ടായിരിക്കും. എന്റെ പ്രിയപ്പെട്ട മാഷാണ് വിവേക് മാഷ്. ഞങ്ങൾക്ക് പഠിപ്പിക്കുന്നത് അടിസ്ഥാന ശാസ്ത്രം ആണ്. ഞങ്ങളെ പഠിപ്പിച്ച ശേഷം എഴുതാനും വായിക്കാനും തരും. അത് കഴിഞ്ഞാൽ രണ്ടാം പിരീഡ് മറ്റൊരു ടീച്ചർ വരും ഞങ്ങളെ അവർ നന്നായി പഠിപ്പിക്കും എഴുതാനും തരും. അത് കഴിയുമ്പോൾ നമുക്ക് ഇൻറർവെൽ ആണ്. ഇൻറർവെൽ സമയത്ത് ഞങ്ങൾ പ്രധാനമായും വർത്തമാനം പറയുകയാണ് ചെയ്യുന്നത് കൂട്ടുകാരുമൊത്ത് പുറത്തുപോയി ഒന്ന് ചുറ്റിയടിച്ച ശേഷം വീണ്ടും ക്ലാസിലേക്ക് വരും ഹോംവർക്ക് ഒന്നും ചെയ്യാത്ത കുട്ടികൾക്ക് നല്ല അടി കിട്ടും. ഉച്ചഭക്ഷണം ഞങ്ങൾ സ്കൂളിൽ നിന്നും കഴിച്ചശേഷം ഞങ്ങൾ ക്ലാസ്സ് വൃത്തിയാക്കി പുറത്തേക്ക് ഇറങ്ങും. ഇത്തിരി സമയം ഞങ്ങൾ സുഹൃത്തുക്കളുമായി സംസാരിച്ച് വീണ്ടും ക്ലാസ്സിൽ കയറി പഠിക്കാൻ തുടങ്ങും. മൂന്നരക്കുള്ള സ്കൂൾ ബസ്സിൽ ഞാനും സുഹൃത്തുക്കൾക്കും നേരെ തിരിച്ച് വീട്ടിലേക്ക് പോകും.

# പുഴയുടെ രോദനം

ഫാത്തിമത് മിലൂഫ 6A

എന്നെ നിങ്ങൾ നശിപ്പിക്കരുത്
നിങ്ങൾക്ക് ഞാൻ എത്ര പുണ്യം ചെയ്തതാണ്
പ്ലാസ്റ്റിക്കുകളും മാലിന്യങ്ങളും എന്നിലേക്ക് വലിച്ചെറിഞ്ഞ്ടSSS
നിങ്ങൾ എന്തിനാണ് എന്നെ ചീത്തയാക്കുന്നത്
എനിക്ക് സങ്കടം സഹിക്കുവാൻ കഴിയുന്നില്ല
എത്രയെത്ര വേദനകൾ സഹിച്ചാണ് ഞാൻ ജീവിക്കുന്നത്
നിങ്ങൾ പറയുന്നതുപോലെ ഞാൻ ജീവിക്കുന്നു
ഞാൻ പറയുന്നത് ആര് അനുസരിക്കും
ഞാനാണ് നിങ്ങളുടെ ജീവൻ എന്ന് നിങ്ങൾ എന്തുകൊണ്ട് ഓർക്കുന്നില്ല?

# ഒരു എക്സ്പോ യാത്ര

**മറിയമ്മത് മുബഷിറ 5B**

ഒരു ദിവസം ഉസ്താദ് പറഞ്ഞു.  ഒരു എക്സ്പോ നമ്മുടെ അടുത്ത് വന്നിട്ടുണ്ടെന്നും വരാൻ താല്പര്യമുള്ളവർ  ഒരു നൂറു രൂപ കൊണ്ടുവരണമെന്ന് ഉസ്താദ് പറഞ്ഞു. അങ്ങനെ ഞാൻ വീട്ടിൽ പറഞ്ഞു ഉമ്മ അത് സമ്മതിച്ചു 100 രൂപ കൊണ്ട് പിറ്റേ ദിവസം മദ്രസയിൽ പോയി. അങ്ങനെ എക്സ്പോവിന് പോകാനുള്ള ദിവസം നമ്മൾ രാവിലെ റെഡിയായി എത്തി ഞങ്ങൾക്ക് ബസ് വന്നു ബസ് കയറി ഞങ്ങൾ എക്സ്പോയിൽ എത്തി. വരിവരിയായി നന്നിട്ട് എല്ലാവർക്കും ഉസ്താദ് ടിക്കറ്റ് എടുത്ത് ഉള്ളിലേക്ക് കയറി ആദ്യം തന്നെ കുറെ മീനുകളെ കണ്ടു ഉള്ളിൽ പോകുമ്പോൾ കുറേ പുരാതന വസ്തുക്കൾ കണ്ടു അവിടെ കുറെ കുട്ടികൾ ചെയ്തു വെച്ച കാലിഗ്രാഫി കണ്ടു കുറെ ശില്പങ്ങൾ കണ്ടു വീടിന്റെ മോഡൽ കണ്ടു. ഹോട്ടലിന്റെ മോഡൽ കണ്ടു. അങ്ങനെ പോയപ്പോൾ ഒരു അമേരിക്കൻപാവ സംസാരിക്കുന്നത് കണ്ടു. പിന്നെ ഐസ്ക്രീം മിട്ടായി വാങ്ങി കഴിച്ചു ഞങ്ങൾ തിരിച്ചു വീട്ടിലേക്ക് മടങ്ങി.

# കുഞ്ഞി പൂമ്പാറ്റ

മെഹ്റൂസ്  VB

കുഞ്ഞിപ്പൂവിൽ കവിളത്ത്

മുത്തം നൽകി പൂമ്പാറ്റ

മഞ്ഞനിറത്തിൽ പൂമ്പൊടിയിൽ

മുഖം മിനുക്കി പൂമ്പാറ്റ

പൂന്തേൻ ഉണ്ണും പൂമ്പാറ്റ

കുഞ്ഞി ചിറക് വിരിച്ചല്ലോ

അങ്ങനെ പൂക്കൾ തോറും പാറി നടന്ന പൂമ്പാറ്റ

# 50 വാർഷികം

Fathimath selwa - 5 B

എന്റെ സ്കൂളിലെ സുവർണ്ണ ജൂബിലി ആഘോഷം 2024 ജനുവരി പന്ത്രണ്ടാം പതിമൂന്നാം തീയതികളിലായി രണ്ട് ദിവസം എന്റെ സ്കൂളിൽ പരിപാടിയായിരുന്നു കുറെ ആളുകൾ വന്നു കുറേ കാര്യങ്ങൾ സംസാരിച്ചു പക്ഷേ ആദ്യദിവസം നടന്ന പരിപാടികളായി വളരെയധികം ഇഷ്ടമായത് ഞങ്ങളുടെ ക്ലാസിലെ മെഹദിയ ഒരു നാടോടി നൃത്തം കളിച്ചു കൂടാതെ ഞങ്ങളുടെ ഒരു നാടൻപാട്ടും ഉണ്ടായിരുന്നു നല്ല പരിപാടികൾ ആയിരുന്നു നമ്മുടെ സ്കൂളിൽ രണ്ടുദിവസം ഉണ്ടായത് ഞാൻ രണ്ടാം ദിവസത്തെ മെഗാ ഒപ്പനയിൽ ഉണ്ടായിരുന്നു സുവർണ്ണ ജൂബിലി ആഘോഷത്തിൽ ഏറ്റവും നല്ല പരിപാടിയായിരുന്നു മെഗാ ഒപ്പന .

ഞങ്ങളെ സ്കൂളിന് പുറത്ത് കുറേ സാധനങ്ങളൊക്കെ ഉണ്ടായിരുന്നു ഞങ്ങൾ എല്ലാവരും പുറത്തിറങ്ങി ഇഷ്ടമുള്ളത് കഴിച്ചു. കുറെ ഭക്ഷണങ്ങൾ കഴിച്ചു. സ്കൂളിലെ ഏറ്റവും നല്ല ഒരു ദിവസമായിരുന്നു ഈ 50 വാർഷികം










